## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3200 — 13.10.2011-ൽ മറുപടിക്ക്

## വിദേശ മദ്യത്തിൽ നിന്നുള്ള വരുമാനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം.വി.ശ്രേയാംസ് കുമാർ | ശ്രീ.കെ.ബാബു<br>(എക്സൈസും തുറമുഖവും വകുപ്പുമന്ത്രി) |

(എ) സംസ്ഥാനത്ത് വിപണനം നടത്തുന്ന വിദേശ മദ്യത്തിന്റെ എത്ര ശതമാനമാണ് സർക്കാർ നിയന്ത്രിത ബിവറേജസ് കോർപ്പറേഷൻ, കൺസ്യൂമർ ഫെഡ് തുടങ്ങിയ സ്ഥാപനങ്ങൾ വഴി വിറ്റഴിക്കപ്പെടുന്നത് എന്ന് വിശദമാക്കുമോ ;

(എ) കേരള സംസ്ഥാന ബിവറേജസ് (എം ആന്റ് എം) കോർപ്പറേഷനെയാണ്, സംസ്ഥാനത്തെ വിദേശമദ്യ കുത്തക സംഭരണവും വിപണനവും നടത്തുന്നതിനായി ചുമതലപ്പെടുത്തിയിരിക്കുന്നത്. കോർപ്പറേഷന്റെ 21 എഫ്.എൽ.-9 വെയർഹൗസ് മൊത്ത വില്പനശാലകളിലൂടെയും, 338 എഫ്.എൽ.-1 ചില്ലറ വില്പനശാലകളിലൂടെയും ആണ് ഈ കുത്തക വ്യാപാരം നടത്തി വരുന്നത്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാം ബാറുകൾക്കും, കേരള സഹകരണ കൺസ്യൂമർ ഫെഡറേഷൻ നടത്തുന്ന 46 എഫ്.എൽ.-1 ഷോപ്പുകൾക്കും, കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷന്റെ എഫ്.എൽ.-9 വെയർഹസ് മുഖേനയാണ് മദ്യം നൽകുന്നത്. കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ തന്നെയാണ് സംസ്ഥാനത്ത് വില്ക്കുന്ന മദ്യത്തിന്റെ മൊത്ത വിതരണക്കാർ.

(ബി) വ്യാജമദ്യത്തിന്റെ ഉല്പാദനം, വിതരണം, ഉപയോഗം എന്നിവ നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് പുതിയ മദ്യനയത്തിൽ സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ ;

(ബി) വ്യാജമദ്യത്തിന്റെ ഉല്പാദനം, വിതരണം, ഉപയോഗം എന്നിവ നിയന്ത്രിക്കുന്നതിന് കർശനമായ എൻഫോഴ്സ്മെന്റ് പ്രവർത്തനം നടത്തി വരുകയാണ്. കള്ള് ഷാപ്പുകളിലൂടെ ശുദ്ധമായ കള്ള് മാത്രമേ വില്ക്കാനനുവദിക്കുകയുള്ളൂ

എന്നത് ഈ വർഷത്തെ മദ്യനയത്തിൽ ഉൾപ്പെടുത്തി കർശനമായി പാലിച്ചു വരുന്നുണ്ട്. മായം കലർന്ന മദ്യം വില്ക്കുന്നില്ല എന്നുറപ്പാക്കുന്നതിന് കള്ള് ഷാപ്പുകളിലും ബാറുകളിലും നിരന്തര പരിശോധന നടത്തി, വില്ക്കുന്ന മദ്യത്തിന്റെ സാമ്പിൾ ശേഖരിച്ച് രാസപരിശോധനയ്ക്ക് അയയ്ക്കുന്നുണ്ട്. സാമ്പിൾ പരിശോധനയിലെ കാലതാമസം ഒഴിവാക്കുവാൻ മൊബൈൽ ടെസ്റ്റിംഗ് ലബോറട്ടറി സ്ഥാപിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. വ്യാജമദ്യം ഉല്പാദിപ്പിക്കുന്നതും വില്ക്കുന്നതുമായ കേന്ദ്രങ്ങളിൽ ശക്തമായ റെയ്ഡുകൾ നടത്താൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) മദ്യപാനം കുറയ്ക്കുന്നതിന്റെ ഭാഗമായി മദ്യത്തിന്റെ ലഭ്യത കുറയ്ക്കുന്നതിനായി എന്തെല്ലാം നടപടികളാണ് പ്രസ്തുത മദ്യനയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ ?

(സി) മദ്യപാനം കുറയ്ക്കുന്നതിന്റെ ഭാഗമായി, മദ്യത്തിന്റെ അമിതവ്യാപനം തടയുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി, മുൻ സർക്കാർ പുതുതായി തുടങ്ങുന്നതിന് അനുമതി നൽകിയ 15 എഫ്.എൽ.-1 ഷോപ്പുകൾക്ക് ഈ സർക്കാർ അനുമതി നിഷേധിക്കുകയും, മദ്യവില്പന വിപനണ മേഖലയിൽ കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്ന ഒരു മദ്യനയം ഈ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. പുതുതായി ബാർ ലൈസൻസുകൾ അനുവദിക്കുമ്പോൾ ബാർ ഹോട്ടലുകൾ തമ്മിലുള്ള ദൂരപരിധി സർക്കാർ നിശ്ചയിച്ചു. മദ്യത്തിന്റെ ലഭ്യത കുറയ്ക്കുന്നതിനായി 31.3.2012 വരെ മാത്രമേ 3 സ്റ്റാർ ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകുകയുള്ളൂ. 1.4.2012 മുതൽ 4 സ്റ്റാർ പദവിയിലുള്ള ഹോട്ടലുകൾക്കും, 2013-14 സാമ്പത്തിക വർഷം മുതൽ 5 സ്റ്റാർ പദവിയുള്ള ഹോട്ടലുകൾക്കും മാത്രമേ ബാർ ലൈസൻസുകൾ

നല്കുകയുള്ളൂ. 4 സ്റ്റാർ ബാർ ഹോട്ടലുകളിൽ നിന്ന് ആരാധനാലയങ്ങളിലേയ്ക്കും വിദ്യാലയങ്ങളിലേയ്ക്കും 50 മീറ്റർ ദൂരപരിധി വേണമെന്നത് 200 മീറ്ററായി ഉയർത്തി. ദു:ഖവെള്ളിയാഴ്ച ഡ്രൈ ഡേ ആയി പ്രഖ്യാപിച്ചു. മദ്യം വാങ്ങുന്നതിനും വില്ക്കുന്നതിനുമുള്ള പ്രായപരിധി 18-ൽ നിന്നും 21 വയസ്സായി വർദ്ധിപ്പിച്ചു. ബാർ ഹോട്ടലുകളുടെ പ്രവർത്തന സമയം, പഞ്ചായത്ത്/മുനിസിപ്പാലിറ്റികളിൽ രാവിലെ 8 മണി മുതൽ രാത്രി 11 മണിവരെയായും, കോർപ്പറേഷൻ പ്രദേശത്ത് ഇത് 9 മുതൽ 12 വരെ ആയും കുറയ്ക്കുവൻ തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.